# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1078** **4/12/2014-ൽ മറുപടിക്ക്**

**പുതിയ പ്ലസ്സു സ്കൂളുകളും ബാച്ചുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2014-ൽ പത്താം ക്ലാസ് പാസ്സായവർ എത്ര; | (എ) 2014-ൽ 4,55,268 പേർ പത്താം ക്ലാസ് പാസ്സായിട്ടുണ്ട്. |
| (ബി) ഉപരിപഠനത്തിനായി ഇവർക്ക് നിലവിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര സീറ്റുകൾ ഉണ്ട്;<br>(സി) നിലവിൽ ഹയർ സെക്കണ്ടറിക്ക് എത്ര സീറ്റുകൾ ഉണ്ട്; വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് എത്ര സീറ്റുകൾ ഉണ്ട്; എത്ര ഐ.ടി.ഐ. സീറ്റുകൾ; എത്ര പോളിടെക്നിക് സീറ്റുകൾ; എത്ര ഐ.ടി.സി. സീറ്റുകൾ എന്ന് വ്യക്തമാക്കുമോ;<br>(ഡി) ഇതിൽ ഓരോ വിഭാഗത്തിനുമായി എത്ര സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നു; | (ബി) യും (സി) യും (ഡി) യും<br>പത്താം ക്ലാസ് പാസ്സായവർക്ക് ഉപരിപഠനത്തിനായി ഹയർ സെക്കണ്ടറി തലത്തിൽ 4,06,569 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 33,000 സീറ്റുകളും നിലവിലുണ്ട്. ഇവയിൽ ഹയർ സെക്കണ്ടറി തലത്തിൽ 31,652 സീറ്റുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 3271 സീറ്റുകളിലും ഒഴിവുണ്ട്. ഐ.ടി.ഐ., ഐ.ടി.സി., പോളിടെക്നിക്ക് സീറ്റുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നല്കുന്നതാണ്. |
| (ഇ) ഇപ്രകാരം ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ എയ്ഡഡ് മേഖലയിൽ പ്ലസ്സുവിന് പുതിയ സ്കൂളുകളും ബാച്ചും അനുവദിച്ചതിൽ ബഹു. ഹൈക്കോടതി രൂക്ഷമായി വിമർശിക്കുകയും ആയത് റദ്ദാക്കാൻ ആവശ്യപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | (ഇ) സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ നിലവിൽ ഇല്ലാതിരുന്ന പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി പഠനത്തിന് സീറ്റുകളുടെ അപര്യാപ്തത കൂടുതലായതിനാലാണ് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും, നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിക്കാനുള്ള നടപടികൾ കൈക്കൊണ്ടത്. പ്രസ്തുത നയതീരുമാനം |

1341/13 നമ്പർ റിട്ട് അപ്പീലിൽ മേൽ 11/4/2014-ൽ പുറപ്പെടുവിച്ച വിധി ന്യായത്തിലൂടെ ബഹു. ഹൈക്കോടതി ശരിവച്ചിട്ടുള്ളതാണ്. എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർ പഠനം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആവശ്യകത അനുസരിച്ച് നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് G.O(MS)No.86/2014/G.Edn. തീയതി 24/5/2014 W.P(C)18176/14 ലും അനുബന്ധ കേസുകളിലുമായി 18/8/2014 ലെ ഇടക്കാല വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സർക്കാർ കൈക്കൊണ്ട ആദ്യ നയതീരുമാനം നടപ്പാക്കേണ്ടതാണ് എന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| (എഫ്) | ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ പുതുതായി അനുവദിച്ച എത്ര സ്കൂളും, എത്ര അധിക ബാച്ചും നഷ്ടമാകുമെന്ന് വിശദമാക്കുമോ? | (എഫ്) | W.P(C) 18176/14 ലും അനുബന്ധ കേസുകളിലുമായി 18/8/2014-ലെ ബഹു. ഹൈക്കോടതി വിധി പ്രകാരം 14 പുതിയ സ്കൂളുകളുടെയും, 240 ബാച്ചുകളുടെയും പ്രവർത്തനാനുമതി റദ്ദാക്കിയിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**